**കേരള സർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

**<u>വിജ്ഞാപനം</u>**

**<u>കീം (KEAM) - 2026</u>**

**<u>ആർക്കിടെക്ചർ കോഴ്സിലേക്കുള്ള മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.</u>**

2026-ലെ ആർക്കിടെക്ചർ കോഴ്സിലേക്കുള്ള മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ **19.08.2026 വൈകുന്നേരം 4.00** മണിക്ക് മുൻപായി അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഹോം പേജിൽ നിന്ന് ഈ ഘട്ടത്തിലെ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് ഔട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോയുടെ പകർപ്പ് വിദ്യാർത്ഥികൾ പിന്നീടുള്ള ആവശ്യങ്ങൾക്കായി സൂക്ഷിച്ചു വയ്ക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അവരുടെ ഹോം പേജിലെ 'Data Sheet' എന്ന മെനു ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. പ്രവേശനം നേടുന്ന സമയത്ത് ഡാറ്റാ ഷീറ്റ്, അലോട്ട്മെന്റ് മെമ്മോ എന്നിവയും പ്രോസ്പെക്ടസ് ക്ലോസ് 11.7.1-ൽ പറഞ്ഞിരിക്കുന്ന ബാധകമായ രേഖകളും കോളേജ് അധികാരികൾക്ക് മുൻപിൽ ഹാജരാക്കേണ്ടത◌ാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ് (ബാധകമെങ്കിൽ) **19.08.2026 ഉച്ചയ്ക്ക് 3.00 മണിക്ക്** മുൻപായി ഓൺലൈൻ പേയ്മെന്റ് മുഖാന്തരം ഒടുക്കിയശേഷം **19.08.2026 വൈകുന്നേരം 4.00** മണിക്കകം അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/അധിക തുക (ബാധകമെങ്കിൽ) ഒടുക്കി കോളേജുകളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്.

നിലവിൽ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികളും അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള കോളേജുകളിൽ **19.08.2026, വൈകുന്നേരം 4.00 മണി**ക്ക് മുൻപായി പ്രവേശനം നേടേണ്ടതാണ്. പ്രവേശനവുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോളേജുമായി ബന്ധപ്പെടേണ്ടതാണ്.

ഈ അലോട്ട്മെന്റ് ആർക്കിടെക്ചർ കോഴ്സിലേക്ക പ്രവേശന പരീക്ഷാ കമ്മീഷണർ ഈ വർഷം നടത്തുന്ന അവസാന അലോട്ട്മെന്റാണ്. ഈ ഘട്ടത്തിലെ അലോട്ട്മെന്റിന് ശേഷം

സർക്കാർ/എയ്ഡഡ്/സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളിൽ ഒഴിവുള്ള സീറ്റുകൾ അതാത് കോളേജുകൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, പ്രോസ്പെക്ടസിലെ ബാധകമായ വ്യവസ്ഥകൾ എന്നിവ അനുസരിച്ച് സ്പോട്ട് അലോട്ട്മെന്റ് മുഖേന നികത്തുന്നതാണ്

**ഹെൽപ് ലൈൻ നമ്പർ : 0471-2332120**

Digitally signed by
R Manoj
Date: 14-08-2026
13:27:30

ജോയിന്റ് കമ്മിഷണർ (അക്കാദമിക് )
**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

തിരുവനന്തപുരം
14-08-2026